**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **09-12-2022 - ൽ മറുപടിയ്ക്ക്**

**ജല സ്രോതസ്സുകൾ സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോടുകളും കുളങ്ങളും മറ്റ് ജല സ്രോതസ്സുകളും സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനായി കൃഷിക്കാരും പാടശേഖര പ്രതിനിധികളും ആവശ്യപ്പെടുന്നതനുസരിച്ച് ഉദ്യോഗസ്ഥർ പദ്ധതി പ്രദേശത്തിന്റെ പരിശോധന നടത്തുകയും കൃഷിക്കും ജലസംരക്ഷണത്തിനും പ്രയോജനമാകുന്നതാണെന്ന് ഉറപ്പ് വരുത്തിയ ശേഷം, കൃഷി ഓഫീസറുടെ feasibility റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി Rebuild Kerala Initiative (RKI), Rural Infrastructure Development Fund (RIDF), Rashtriya Krishi Vikas Yogana (RKVY) എന്നിവയിൽ ഭരണാനുമതിക്കായി സമർപ്പിക്കുകയും, ഫണ്ടും ഭരണാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ജലസ്രോതസ്സുകളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് കൃഷിക്ക് ഉപകാരപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന അംഗീകൃത പദ്ധതികളിൽ ഉൾപ്പെട്ട ചെറു തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച്, നീരൊഴുക്കിന്റെ ശക്തി കുറച്ച് മണ്ണൊലിപ്പ് തടയുന്നതിനും, ചെക്ക്ഡാമുകളിൽ സംഭരിയ്ക്കുന്ന ജലം കൃഷിക്ക് ഉപയുക്തമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | സ്വകാര്യ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | ഭരണാനുമതി നൽകിയ വിവിധ വാട്ടർഷെഡ് പദ്ധതികളിൽ ഉൾപ്പെടുന്ന സ്വകാര്യ ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ